എൻ. എച്ച്. 213-ലെ വാഹന അപകടങ്ങൾ

94 [676] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എൻ. എച്ച്. 213-ൽ കുമരംപുത്തൂരിനും കല്ലടി കോളേജിനുമിടയിൽ നിരന്തരമുണ്ടാകുന്ന വാഹന അപകടങ്ങൾ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി എൻ. എച്ച്. 213-ൽ കുമരംപുത്തൂരിനും കല്ലടി കോളേജിനുമിടയിൽ റോഡ് വീതികൂട്ടുന്നതിനു വേണ്ടിയുള്ള എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ പണി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 677-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല).

മാരാരിക്കുളം നിയോജകമണ്ഡലത്തിലെ മരാമത്തു പണികൾ

95 [678] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരാരിക്കുളം നിയോജകമണ്ഡലത്തിൽ 2001-2002 മുതൽ 2005-2006 വരെയുള്ള ഓരോ വർഷവും ഏറ്റെടുത്ത മരാമത്തു പണികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) മേൽപ്പറഞ്ഞവയിൽ പൂർത്തിയാക്കിയ വർക്കുകളും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്ന വർക്കുകളും ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ വർക്കിന്റെയും അടങ്കൽ തുക എത്ര വീതമെന്നും ചെലവഴിച്ച തുക എത്ര വീതമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly